DESPATCHED
On..19.3.2020

17/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ C.P. No.1041(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.12967/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. അംബ്രോസ് എം.വി.
മുരുക്കുംതറ വീട്,
നായരമ്പലം പി.ഒ
എറണാകുളം– 682509
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ തഹസീൽദാർ
താലൂക്ക് ഓഫീസ്, കൊച്ചി
എറണാകുളം.

അപ്പീൽ അധികാരി & തഹസീൽദാർ
താലൂക്ക് ഓഫീസ് , കൊച്ചി
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.02.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 21.07.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 04.08.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 15.02.2020<br>കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.അംബ്രോസ് എം.വി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം എതിർകക്ഷി നൽകിയില്ലായെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 11.09.2006 ൽ S5-6023 നമ്പരായി ലോനൻ മകൻ ജോർജ്ജ് നൽകിയ അപേക്ഷയുടെ പകർപ്പും പ്രസ്തുത ഫയലിന്മേലുള്ള നടപടി പകർപ്പും ശരി പകർപ്പും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ബന്ധപ്പെട്ട ഫയൽ സെക്ഷനിൽ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നാണ്. ഹർജിക്കാരൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പ്രസ്താവിച്ചത്,ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി നൽകിയ മറുപടിക്കെതിരെ 28.02.2015 തീയതി അപ്പീൽ അപേക്ഷ നൽകിയിരുന്നുവെന്നും ആയതു പ്രകാരം ഹർജിക്കാരനെ കേൾക്കുന്നതിനായി നോട്ടീസ് നൽകിയിരുന്നുവെന്നും ആയതു പ്രകാരം 25.03.2015 തീയതി ഹിയറിങ്ങിന് ഹാജരായി ഹർജിക്കാരൻ ബോധിപ്പിച്ചത്, S5-6023/2006 ഫയലിന്റെ പകർപ്പുകൾ ആവശ്യമില്ലെന്നായിരുന്നുവെന്നും ആയതു പ്രകാരം ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും എന്നാൽ ഹർജിക്കാരൻ 09.04.2015 തീയതി വീണ്ടും അപ്പീൽ അപേക്ഷ നൽകിയെന്നും ആയതു പ്രകാരം മേൽപ്പടി ഫയലിന്റെ പകർപ്പുകൾ ടിയാൻ വീണ്ടും ആവശ്യപ്പെട്ടെന്നും എന്നാൽ മേൽപ്പടി ഫയൽ കണ്ടെടുക്കുവാൻ സാധിക്കാത്തതിനാൽ ആയതു നൽകുവാൻ നിർവ്വാഹമില്ലെന്നുമാണ്.

RIGHT TO INFORMATION

4. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ 3 വർഷം മാത്രം സൂക്ഷിക്കേണ്ട കെഡിസ് വിഭാഗത്തിൽ പ്പെട്ട ഫയൽ ആണെന്നും എന്നാൽ മേൽപ്പടി ഫയൽ നിർദ്ദിഷ്ട സൂക്ഷിപ്പു കാലാവധിക്ക് ശേഷം നശിപ്പിച്ചു കളഞ്ഞതായി രേഖപ്പെടുത്തലുകൾ ഒന്നും കാണാനില്ല എന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ ആയതു സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരന് നൽകുവാൻ കഴിഞ്ഞിട്ടില്ലെന്നു കാണുന്നു. അപ്രകാരം തന്നെ ഹർജിക്കാരൻ 25.03.2015 തീയതി അപ്പീൽ അധികാരി മുമ്പാകെ ഹിയറിങ്ങ് സമയം ബോധിപ്പിച്ചത്, മേൽപ്പടി ഫയലുമായി ബന്ധപ്പെട്ട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതില്ലെന്നാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ തീർപ്പാക്കിയെങ്കിലും ഹർജിക്കാരൻ വീണ്ടും അപ്പീൽ അപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട ഫയൽ കണ്ടെത്തി നൽകണമെന്ന് ആവശ്യപ്പെട്ടതായി കാണുന്നു. ഹർജിക്കാരന്റെ മേൽ ആവശ്യം നിയമാനുസൃതമായിരുന്നില്ല. ഒരു അപ്പീൽ തീർപ്പാക്കിയതിനുശേഷം വീണ്ടും അപ്പീൽ നൽകിയത് പരിഗണിക്കേണ്ടിയിരുന്നില്ല. അപ്രകാരം തന്നെ മേൽപ്പടി ഫയൽ കണ്ടെത്താൻ കഴിയാത്തത് ആയത് മൂന്നു വർഷം മാത്രം സൂക്ഷിക്കേണ്ട വിഭാഗത്തിൽപ്പെട്ട ഫയൽ ആയതിനാൽ ആയത് കാലഹരണപ്പെട്ട ശേഷം ഒരു പക്ഷേ നശിപ്പിച്ച് കളഞ്ഞിട്ടുള്ളതിനാലായിരിക്കാം എന്ന് കമ്മീഷൻ അനുമാനിക്കുന്നു. എന്നാൽ അപ്രകാരം ഫയൽ നശിപ്പിക്കുമ്പോൾ ബന്ധപ്പെട്ട ഫയൽ ഡിസ്പോസൽ / ഡിസ്ട്രക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയായിരുന്നു അത് നശിപ്പിക്കേണ്ടിയിരുന്നത്.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**

**മുഖ്യ വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION

RIGHT TO INFORMATION